**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **10-10-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി എടവണ്ണ റോഡ് - സ്ട്രീറ്റ് ലൈറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നവീകരിച്ച കൊയിലാണ്ടി-താമരശ്ശേരി-മുക്കം-എടവണ്ണ റോഡിലെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | RKI യിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി - എടവണ്ണ റോഡ് നവീകരണ പ്രവൃത്തി കരാർ വ്യവസ്ഥ പ്രകാരം ഉള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നവീകരണത്തിന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾക്ക് പൂർണ്ണമായും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ കെ.എസ്.ഇ.ബി. ഡിവിഷനുകൾക്ക് കീഴിലാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത്; ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ മൊത്തം 480 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വൈദ്യുതി കണക്ഷൻ നല്കിയിട്ടില്ലാത്ത ഓരോ കെ.എസ്.ഇ.ബി സെക്ഷനിലെയും തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. എച്ച്ടി ലൈനിന്റെ സാമീപ്യം, പോൾ ദൂരം തുടങ്ങിയ നിരീക്ഷണങ്ങൾ കാരണം നടുവണ്ണൂർ സെക്ഷനു കീഴിലുള്ള 94 സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി നൽകിയിട്ടില്ല.<br>2. ബാലുശ്ശേരി സെക്ഷനിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചതിന് ശേഷവും 104 സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ബാലുശ്ശേരി മണ്ഡലത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ എത്ര ലൈറ്റുകളാണ് പ്രകാശിക്കുന്നത്; വിശദമാക്കാമോ? | (സി) | ബാലുശ്ശേരി നിയോജകമണ്ഡലത്തിനു കീഴിൽ കരാറുകാരൻ 480 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 237 തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നുണ്ട്. 35 എണ്ണം കേബിൾ തകരാർ കാരണവും, 10 എണ്ണം അപകടങ്ങളിൽ കേടുപാടുകൾ സംഭവിച്ചതിനാലും പ്രവർത്തിക്കുന്നില്ല. പുനർനിർമ്മാണം/ അറ്റകുറ്റപണികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ